# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: **01.09.2021** മുതൽ **05.09.2021**വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/ കെ.എസ്.ഡി. 70/2021 | തീയ്യതി: 31/08/2021 |
|---|---|

### എ. പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 235.8 | 27.0 – 31.0 | 21.5 – 23.5 | 00 – 100 | 04 – 05 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 01-09-2021 | 02-09-2021 | 03-09-2021 | 04-09-2021 | 05-09-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 10 | 10 | 10 | 10 | 20 |
| കൂടിയ താപനില, °C | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില, °C | 22 | 22 | 22 | 22 | 22 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 5 | 5 | 4 | 4 | 5 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 320 | 320 | 320 | 320 | 320 |
| മേഘ വിന്യാസം, ഒക്ടാ | 6 | 6 | 6 | 6 | 6 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| പൊതു നിർദ്ദേശങ്ങൾ | **അടുത്ത ദിവസങ്ങളിൽ മഴ ലഭിക്കും.**<br><br>**വിസ്തൃത മഴ പ്രവചനന പ്രകാരം അടുത്തയാഴ്ച പരക്കെ ശരാശരിയേക്കാൾ മഴ ഉണ്ടായേക്കാം.**<br><br>നെല്ലിൽ കതിർ മണികൾ ഉറക്കുന്നതോ വിളവെടുക്കുന്നതോ ആയ സമയമാകയാൽ പാടത്തു നല്ല നീർ വാർച്ച ഉറപ്പുവരുത്തുക. വിളഞ്ഞ നെല്ല് സാധ്യമായത്രയും കൊയ്തെടുത്തു മഴ നനയാത്തിടത്തേയ്ക്കു മാറ്റി സൂക്ഷിക്കുക<br><br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര, വളം എന്നിവ സുരക്ഷിതമാക്കി സൂക്ഷിക്കുക<br><br>വാഴ പച്ചക്കറികൾ എന്നിവ താങ്ങുകൾ നല്കി സംരക്ഷിക്കുക.<br><br>കാലി/കോഴിത്തീറ്റകൾ നിറച്ച ചാക്കുകൾ ഈർപ്പം ഇല്ലാത്ത മുറികളിൽ തറനിരപ്പിൽ നിന്ന് ഉയർത്തി മരപ്പലകമേൽ സൂക്ഷിക്കുക.<br><br>എല്ലാ കൃഷിയിടങ്ങളിലും നല്ല നീർ വാർച്ച ഉറപ്പു വരുത്തുക. |
|---|---|

| | | | |
|---|---|---|---|
| തെങ്ങ് | തൈ തെങ്ങുകൾ | ശക്തമായ മഴ ലഭിച്ച ഇടങ്ങളിൽ തടത്തിൽ വെള്ളം കെട്ടി നിൽക്കുന്നത് | നീർവാർച്ച ഉറപ്പു വരുത്തുക. മണ്ണിൽ വായു സഞ്ചാരം ലഭിക്കുന്നതിന് 20-30 സെ. മീ. ആഴത്തിൽ ഇളക്കി കൊടുക്കുക. തടത്തിൽ 500 ഗ്രാം കുമ്മായം ചേർക്കുകയോ ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം ഒഴിക്കുകയോ ചെയ്യുക. മണ്ട വൃത്തിയാക്കിയതിനു ശേഷം ഇലകളിലും ഇലക്കവിളുകളിലും ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക. |
| നെല്ല് | കതിര് വരുന്ന സമയം | ചാഴി  | നെല്ലിൽ പാൽ നിറയുന്ന സമയത്ത് ചാഴിയുടെ ആക്രമണത്തിനെതിരെ ജാഗ്രത പുലർത്തുക. പാടത്തും വരമ്പത്തും ഉള്ള കളകൾ നീക്കം ചെയ്യുക.<br>ചാഴിയുടെ ആക്രമണം കണ്ടാൽ ഫിഷ് അമിനോ ആസിഡ് 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കിയ ലായനി തളിക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പ്ചീയൽ  | മുൻകരുതലായി മാങ്കോസേബ് നിറച്ച, സുഷിരങ്ങൾ ഇട്ട ചെറു പോളിത്തീൻ പാക്കറ്റുകൾ (5 ഗ്രാം ) മൂന്നു പാക്കറ്റ് വീതം ഓരോ തെങ്ങിന്റെ കൂമ്പിനു ചുറ്റും കവിളിൽ വയ്ക്കുക. മഴ പെയ്യുമ്പോൾ മരുന്ന് കുറേശെയായി ഒലിച്ചിറങ്ങുന്നത് വഴി ഈ രോഗം ഒരു പരിധി വരെ നിയന്ത്രിക്കപ്പെടും.<br>രോഗം ബാധിച്ച തെങ്ങിലും അടുത്തുള്ള തെങ്ങുകളിലും 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | കൊമ്പൻ ചെല്ലി  | 1.വേപ്പിൻ പിണ്ണാക്ക് 250 ഗ്രാം+ 250 ഗ്രാം മണലുമായ് ചേർത്ത് ഏപ്രിൽ- മെയ്, സെപ്റ്റംബർ -ഒക്ടോബർ മാസങ്ങളിൽ ഓലക്കവിളുകളിൽ ഇടുക.<br>2.തെങ്ങിന്റെ മണ്ട വൃത്തിയാക്കിയ ശേഷം 20 ഗ്രാം കാർടാപ് ഹൈഡ്രോക്ലോറൈഡ് 200 ഗ്രാം മണലും കൂട്ടിക്കലർത്തിയ മിശ്രിതം നിക്ഷേപിക്കുക. ഈ പരിചരണം 3 പ്രാവശ്യം -ജനുവരി, മെയ്, സെപ്റ്റംബർ മാസങ്ങളിൽ ചെയ്യേണ്ടതാണ്. |
| വാഴ | വിവിധ ഘട്ടം | തടതുരപ്പൻ വണ്ട്  | കൃഷിയിടങ്ങളിൽ ശുചിത്വം പാലിക്കുക. അസുഖം ബാധിച്ച ചെടികൾ തീയിട്ടു നശിപ്പിക്കുക. ബ്യൂവേറിയ ബസിയാന എന്ന മിത്ര കുമിൾ 5 , 6 , 7 മാസങ്ങളിൽ ഒരു ലിറ്ററിന് 20 ഗ്രാം എന്ന തോതിൽ കലക്കി ഒഴിച്ച് കൊടുക്കുക.<br>വണ്ടിന്റെ ആക്രമണത്തെ തുടർന്നുണ്ടായ ദ്വാരങ്ങളിൽ ഫിപ്രോനിൽ 0.015% (ഒരു ലിറ്ററിന് 3 മില്ലി എന്ന തോതിൽ) ഒഴിച്ച് കൊടുക്കുക. |

| | | | |
|---|---|---|---|
| കവുങ്ങ് | വിവിധ ഘട്ടം | മഹാളി<br> | ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കുലകളിലും ഇലകളിലും തളിച്ച് കൊടുക്കുക. |

ഒപ്പ്/-

നോഡൽ ഓഫീസർ

ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി